# 2010നും സ്വാഗതം

**ഇന്ത്യയെ** സംബന്ധിച്ചേടത്തോളം ആശ്വസിക്കാൻ വകയുള്ളതാണ് കടന്നുപോയ വർഷം. ഗോവയിലെ പനാജിയിൽ നടന്ന ഒരു ശ്രമമൊഴിച്ചാൽ ഇന്ത്യയിലൊരിടത്തും ഭീകരാക്രമണങ്ങൾ ഉണ്ടായില്ല എന്നതാണ് സുപ്രധാനമായ വസ്തുത. ചീറ്റിപ്പോയ ഈ ഏക 'ഭീകരാക്രമണ'ത്തിനു പിന്നിൽ ഉണ്ടായിരുന്നവർ പൊതുസമൂഹത്തിനു മുമ്പാകെ പകൽവെളിച്ചത്തിൽ കൊല്ലപ്പെട്ടതോടെ സർവം ശുഭം മംഗളം! രാജ്യത്ത് പറയത്തക്ക ദോഷങ്ങളെന്നു പറയാനും ഒന്നുമുണ്ടായില്ല. പക്ഷേ ഒന്നുണ്ട്. 'ഭീകരാക്രമണം' പുകമറയാക്കി ജനതയെ നെടുകെ പിളർത്താൻ മടിയില്ലാതിരുന്നവർ നോക്കിനിൽക്കെ ചെറിയ ചെറിയ വിഭാഗീയതകൾ കത്തിപ്പടരുന്നത് കാണാനാവുന്നുണ്ട്. തെലുങ്കാന സമരം തെരുവിലേക്കു വ്യാപിക്കാൻ തുടങ്ങുകയും സമരത്തെ നക്സലൈറ്റുകൾ ഏറ്റുപിടിക്കുകയും ചെയ്തതോടെ 2010 നമുക്കു മുമ്പിൽ ദുരന്തവാർത്തകളുടെ സാധ്യതകളുമായി കാത്തുനിൽപ്പുണ്ട്. തെലുങ്കാനയുടെ വഴിയെ ബുന്ദേൽഖണ്ഡും വനാഞ്ചലും ഹരിത്പ്രദേശും മറ്റും മറ്റുമായ സാംസ്കാരിക വിഭാഗീയതകൾ രാഷ്ട്രഗാത്രത്തിനകത്ത് കൂടുതൽ വലിയ മുറിവുകളുണ്ടാക്കാൻ തയാറെടുക്കുന്നതിന്റെ സൂചനകളുമുണ്ട്.

2010-ൽ ഇന്ത്യയിൽ വീണ്ടും ഭീകരാക്രമണങ്ങളുണ്ടാവുമോ എന്നതാണ് പുതുവർഷപ്പുലരിയിൽ ഉയരുന്ന ചോദ്യം. അഭിനവ് ഭാരത് നേതാക്കൾ പിടിയിലായതിൽ പിന്നെ ശമനമുണ്ടായിരുന്ന ഈ ദുരൂഹ ബോംബ് സ്ഫോടനങ്ങൾ ഹെഡ്ലി സംഭവത്തോടെ ഒന്നുകൂടെ കാറ്റൊഴിഞ്ഞ ലക്ഷണമുണ്ട്. മറുഭാഗത്ത് തെലുങ്കാന സമരത്തിന്റെ മറവിൽ മാവോവാദികൾ രംഗം കൈയടക്കുകയാണെന്നു കരുതുക. ഇന്ത്യ അസാധാരണമായ രീതിയിൽ ആഭ്യന്തര സംഘർഷങ്ങളിലേക്കു വലിച്ചെറിയപ്പെടാനുള്ള സാധ്യതയാണ് രൂപപ്പെടുന്നത്. ആസാം മുതൽ ആന്ധ്രപ്രദേശ് വരെ വ്യാപിച്ചു കിടക്കുന്ന 'റെഡ് ബെൽറ്റ്' എന്നറിയപ്പെടുന്ന ഈ അസ്വസ്ഥ ബാധിത മേഖലകളിൽ പ്രത്യക്ഷത്തിൽ ഗോചരമല്ലാത്ത പല അണിയറ നീക്കങ്ങളും നടക്കുന്നുണ്ട്. യു.പി.എ ഭരണകൂടം സൈന്യത്തെ വിട്ട് അടിച്ചൊതുക്കാൻ ശ്രമിക്കുന്ന മാവോ നീക്കങ്ങൾ ഒറ്റ നോട്ടത്തിൽ ദലിതരും കർഷകരും ഭൂരഹിതരും അണിനിരക്കുന്ന ജനകീയ സമരമാണ്. പ്രത്യേകിച്ചും കർഷകർക്കു മുൻതൂക്കമുള്ള സമരം. പക്ഷേ 500-ഓളം ജില്ലകളെ അടക്കി ഭരിക്കുന്ന മാവോയിസ്റ്റുകൾ സർക്കാറുമായി നേരിട്ട് ഏറ്റുമുട്ടുന്നതിലൂടെ സൃഷ്ടിക്കപ്പെടുന്നത് അന്താരാഷ്ട്ര തലത്തിൽ പോലും പ്രാധാന്യമുള്ള ചില രാഷ്ട്രീയ സാഹചര്യങ്ങളാണ്. അത്തരമൊരു ദുരന്തത്തിലേക്ക് സംസ്ഥാനം എടുത്തെറിയപ്പെട്ടാൽ ആന്ധ്രപ്രദേശിൽ എന്തു സംഭവിക്കുമെന്ന്

പ്രവചിക്കാനാവില്ല.

നേപ്പാളിലെ ഭരണമാറ്റവും ഇക്കൂട്ടത്തിൽ അസാധാരണമായ ചില സ്ഥിതിവിശേഷങ്ങൾക്കു കാരണമാകുന്നുണ്ട്. 1950-ലെ സമാധാന ഉടമ്പടി അടക്കം ഇന്ത്യയുമായുള്ള പല മുൻകാല കരാറുകളും റദ്ദാക്കണമെന്നാണ് നേപ്പാളിൽ ആവശ്യമുയരുന്നത്. മാവോയിസ്റ്റുകൾക്കു പകരം നിലവിൽ അധികാരമേറ്റ സർക്കാർ ഇന്ത്യയുടെ പരസ്യമായ ഇടപെടലിന്റെ ഭാഗമാണെന്നും തങ്ങളുടെ രാജ്യത്ത് ഇന്ത്യ നഗ്നമായ രീതിയിൽ ജനാധിപത്യ ധ്വംസനത്തിന് കൂട്ടുനിൽക്കുന്നുവെന്നുമാണ് അവിടത്തെ മാവോയിസ്റ്റുകൾ ആരോപിക്കുന്നത്. നേപ്പാളിന്റെ സൈന്യത്തിൽ മാവോയിസ്റ്റ് ലിബറേഷൻ ആർമിയുടെ അംഗങ്ങളെ ഉൾപ്പെടുത്തരുതെന്ന ഇന്ത്യൻ കരസേനാ മേധാവി ദീപക് കപൂറിന്റെ പ്രസ്താവന അവരെ പ്രകോപിപ്പിച്ചിട്ടുണ്ട്. മാവോയിസ്റ്റ് ചെയർമാൻ പ്രചണ്ഡ അതിരൂക്ഷമായ ഭാഷയിലാണ് കേന്ദ്രസർക്കാറിനെ വിമർശിക്കുന്നത്. മാവോയിസ്റ്റുകളെ 'ഒഴിവാക്കി' നേപ്പാളിൽ ഇടപെട്ടുകളയാമെന്ന ഈ സാഹസം ഇന്ത്യയുടേതാണെങ്കിൽ ഒറ്റനോട്ടത്തിൽ തന്നെ അത് ബുദ്ധിമോശമാണ്. ഇന്ത്യയുമായി അവർ ഏറ്റുമുട്ടലിന്റെ പാത സ്വീകരിക്കുന്നതോടെ റെഡ് ബെൽറ്റിലെ സ്ഥിതിഗതികൾ കൂടുതൽ അപകടകരമായി മാറും. തീവ്രവാദത്തെ ഒന്നല്ലെങ്കിൽ മറ്റൊരു രൂപത്തിൽ നിലനിർത്തുന്നതാണ്, അല്ലാതെ ഇല്ലാതാക്കുന്ന നിലപാടുകളല്ല മൻമോഹൻ സിംഗിന്റെ ഇന്ത്യ സ്വീകരിക്കുന്നതെന്നാണ് വ്യക്തമാവുന്നത്. അദ്ദേഹത്തിന്റെ പാർട്ടിയുടെ 125-ാം വാർഷികാഘോഷങ്ങൾ നടക്കുന്ന വർഷം കൂടിയാണ് 2010. പക്ഷേ രാജ്യത്തെ ജനങ്ങളെ വിഘടിപ്പിക്കാനുള്ള ബ്രിട്ടീഷുകാരന്റെ പഴയ മരുന്ന് തന്നെയാണ് പുതിയ കുപ്പികളിലടച്ച് വിൽപ്പനക്കെത്തുന്നത്. ഒപ്പം തിവാരി മുതൽ ഉണ്ണിത്താൻ വരെയുള്ള നേതാക്കളുടെ ധാർമികതയും വാർഷികാഘോഷങ്ങൾക്കു മേളക്കൊഴുപ്പേകാനുണ്ട്.

2009-ൽ ഏറ്റവും വലിയ ദുരന്തം നേരിട്ട സംസ്ഥാനം കേരളം തന്നെ. ഉദ്യോഗസ്ഥനെയും ഭരണാധികാരിയെയും ജഡ്ജിയെയുമൊക്കെ ജനം മതം നോക്കി വിലയിരുത്തുന്ന ഉത്തരേന്ത്യൻ സംസ്കാരത്തിലേക്ക് നമുക്കിനി അധികം ദൂരമില്ല. ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങളിലും മാലപ്പടക്കത്തിന് തീ കൊടുത്തതു പോലെ അരങ്ങേറിയ സ്ഫോടനങ്ങളിൽനിന്ന് ഒരു കോഴിക്കോട് ബസ്സ്റ്റാന്റും കൊച്ചി കലക്ടറേറ്റും പാനായിക്കുളം ക്യാമ്പുമായി ഒഴിഞ്ഞുനിന്ന സംസ്ഥാനമാണ് നമ്മുടേത്. മറ്റ് സംസ്ഥാനങ്ങളിൽ സ്ഫോടനങ്ങളുണ്ടാക്കിയ വർഗീയ ചേരിതിരിവിനെ ചെറുത്തുനിന്ന മലയാളിയെ ബസ് കത്തിക്കലിന്റെ ഭീകരത പഠിപ്പിക്കാൻ പുതിയ അന്വേഷണസംഘങ്ങളെ ദൽഹിയിൽനിന്നും ഇറക്കുമതി ചെയ്യുന്ന കാലമെത്തി. പോലീസിനകത്ത് ഒരു സമുദായത്തിനുള്ള മൃഗീയ ആധിപത്യമാണ് ഉത്തരേന്ത്യയിൽ ഭീകരാക്രമണങ്ങൾക്ക് മതകീയ പശ്ചാത്തലം സമ്മാനിച്ചതെങ്കിൽ എല്ലാ മതവിഭാഗങ്ങളും ഏതാണ്ട് ഒപ്പത്തിനൊപ്പം സർവീസിലുള്ള കേരളത്തിൽ ഈ ഒളിയജണ്ടകൾ സാധ്യമാവില്ലെന്ന പ്രതീക്ഷയാണ് ഇന്നോളമുണ്ടായിരുന്നത്. സമുദായങ്ങളെ കൂട്ടുപിടിച്ചല്ലെങ്കിൽ പോലും ഈ ദുരന്തം കേരളത്തെയും വരിഞ്ഞുമുറുക്കുകയാണ്. 'ഭീകരവിരുദ്ധ കാലത്തെ ആഭ്യന്തരനയം' എന്ന് വിശേഷിപ്പിക്കാവുന്ന ഈ കോപ്രായങ്ങൾ ഒടുവിൽ മാധ്യമങ്ങളുടെ സഹായത്തോടെയാണ് കേരളത്തിൽ വിഷൂചിക പരത്തുന്നതെന്നു മാത്രം. 2010-നും സ്വാഗതം. ■